(സി) എപ്പോഴാണ് കെട്ടിടനിർമ്മാണം ആരംഭിച്ചതെന്നും എപ്പോഴാണ് പൂർത്തിയാക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(ഡി) സമയപരിധിക്കുള്ളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പണി പുരോഗതിയിലാണ്.

(ബി) 1999 ജൂലൈ മാസത്തിലെ ഉപധനാഭ്യർത്ഥനയിൽ 100 ലക്ഷം രൂപ പ്രസ്തുത പണിക്കുവേണ്ടി ഉൾപ്പെടുത്തി.

(സി) 1997-ൽ പണി തുടങ്ങി. 2.11.2000 ത്തിലാണ് പണി പൂർത്തിയാക്കേണ്ടതാണ്.

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

സഹകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ പരിശോധന

28 (1851) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകാര്യ പണമിടപാടുസ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതാരാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പരിശോധനയും തമ്മിൽ എത്ര നാളത്തെ ഇടവേളകളുണ്ടാകാറുണ്ട്;

(സി) സഹകാര്യപണമിടപാട് സ്ഥാപനങ്ങൾ കേരള മണിലെൻഡേഴ്സ് ആക്ടിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പലിശ ചുമത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സഹകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ മിന്നൽപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള മണിലെൻഡേഴ്സ് ആക്ട് സെക്ഷൻ 10 പ്രകാരം ഗവൺമെന്റ് നിയോഗിക്കുന്ന സെയിൽസ് ടാക്സ് ഓഫീസർമാരും ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും.

(ബി) പ്രത്യേകം നിഷ്കർഷിച്ചിട്ടില്ല.

(സി) കേരള മണിലെൻഡേഴ്സ് ആക്ടിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് പലിശചുമത്തുന്നതായി പരാതികൾ ലഭിക്കുകയും അതിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) അനിവാര്യമായ സന്ദർഭങ്ങളിൽ അത്തരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

ചെറുകിട സമ്പാദ്യ പദ്ധതികളിൽ നിന്നുമുള്ള വായ്പ

29 (1852) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

1137/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഏതെല്ലാം ചെറുകിട സമ്പാദ്യ പദ്ധതികളാണ് നിലവിലുള്ളത്;

(ബി) ചെറുകിട സമ്പാദ്യപദ്ധതികളിൽനിന്ന് സംസ്ഥാന ഗവൺമെന്റിന് എത്ര ശതമാനം വരെ വായ്പയെടുക്കാം;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഇതുവരെ ചെറുകിട സമ്പാദ്യപദ്ധതിയിൽനിന്ന് എന്തു തുക വായ്പയെടുത്തിട്ടുണ്ട്.

(ഡി) ഈ ഇനത്തിൽ ഇപ്പോൾ എന്തു തുക തിരിച്ചടക്കാനുണ്ട്;

(ഇ) ഈ വായ്പയുടെ പലിശ എത്ര ശതമാനമാണ്;

(എഫ്) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഇതുവരെ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നെടുത്ത തുകക്ക് ഒട്ടാകെ എന്തു പലിശ കൊടുത്തുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പോസ്റ്റാഫീസ് സേവിംഗ്സ് അക്കൗണ്ട്, 5 വർഷ റെക്കറിംഗ് ഡെപ്പോസിറ്റ്, 1,2,3,5 വർഷ പോസ്റ്റാഫീസ് ടൈ ഡെപ്പോസിറ്റുകൾ, മാസവരുമാന പദ്ധതി നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് VIII ഇഷ്യൂ, നാഷണൽ സേവിംഗ്സ് സ്കീം 1992, കിസാൻ വികാസ് പത്ര, പബ്ലിക് പ്രോവിഡന്റ് ഫണ്ട്, പെൻഷൻ നിക്ഷേപ പദ്ധതി.

(ബി) 15.1.2000 മുതൽ മിച്ച നിക്ഷേപത്തിന്റെ 80% ആണ് കേന്ദ്ര സർക്കാർ നൽകുന്ന വായ്പ.

(സി) 755.67 കോടി രൂപ വായ്പയായി ലഭിച്ചു.

(ഡി) മുൻവർഷങ്ങളിൽ ലഭിച്ച വായ്പകൾ ഉൾപ്പെടെ 1999 മാർച്ച് 31 ന് ഈ ഇനത്തിൽ ബാക്കി നിൽക്കുന്ന തുക 2358.29 കോടി രൂപയാണ്.

(ഇ) 1.1.2000 മുതൽക്കുള്ള പലിശ നിരക്ക് 12.50 ശതമാനമാണ്.

(എഫ്) 767.56 കോടി രൂപ.

വ്യാജ ഭാഗ്യക്കുറി ടിക്കറ്റുകൾ

30 (1853) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജഭാഗ്യക്കുറി ടിക്കറ്റുകൾ സംസ്ഥാനത്ത് വിൽക്കുന്നത് തടയാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സംസ്ഥാന ലോട്ടറികൾക്കാണ് കേരളത്തിൽ വില്പന നടത്താൻ സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതെന്നും ഏതൊക്കെ സംസ്ഥാന ലോട്ടറികൾക്ക് അംഗീകാരം നൽകിയിട്ടില്ലെന്നും വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും സ്വകാര്യ ലോട്ടറിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly